പുതിയ ബസ് സർവ്വീസ് തുടങ്ങുന്നതിന് നിവേദനം

63 [2715] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ടൗൺ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിൽനിന്നും അത്തോളി ചിക്കിലോട്-നന്മണ്ട, ബാലുശ്ശേരി-കൂറുംപൊയിൽ റൂട്ടിൽ ഒരു പുതിയ ബസ് സർവ്വീസ് തുടങ്ങുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പെരുമ്പാവൂർ നഗരത്തിലെ ട്രാഫിക് പരിഷ്ക്കാരം

64 [2716] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നഗരത്തിൽ ട്രാഫിക് പരിഷ്ക്കാരം നടപ്പാക്കിയപ്പോൾ ആകെ എത്ര ദിവസം സ്വകാര്യ ബസ്സുകൾ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിന് മുന്നിലൂടെ സർവ്വീസ് നടത്തി;

(ബി) പെരുമ്പാവൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ പ്രസ്തുത ദിവസങ്ങളിൽ വരുമാനം വർദ്ധിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ദിവസങ്ങളിലെ ആകെ വരുമാനവും ശരാശരി ദിവസവരുമാനവും അറിയിക്കുമോ;

(ഡി) ട്രാഫിക് പരിഷ്ക്കാരം നിലവിൽ വരുന്നതിന് മുമ്പും, സ്വകാര്യ ബസ്സുകൾ കെ. എസ്. ആർ. ടി. സി. സ്റ്റാൻഡിന് മുന്നിലൂടെ വരാതായതിനു ശേഷവുമുള്ള ശരാശരി ദിവസ വരുമാനം വ്യക്തമാക്കുമോ?

ഉത്തരം

(എ) 29 ദിവസം

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരിഷ്ക്കാരം നിലവിൽവരുന്നതിനുമുമ്പ് ശരാശരി ദിവസവരുമാനം 1,81,978 രൂപ, പരിഷ്ക്കാരം നിലവിൽവന്നതിനുശേഷമുള്ള ശരാശരി ദിവസ വരുമാനം 1,67,739 രൂപ.

കണ്ണൂരിൽനിന്നും അന്യസംസ്ഥാനത്തേയ്ക്ക് സർവ്വീസ് നടത്തുന്ന ബസ്സുകൾ

65 [2717] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യുടെ കണ്ണൂർ ഡിപ്പോയിൽനിന്നും എത്ര ബസ്സുകൾ മറ്റ് സംസ്ഥാനത്തേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാ ക്കാമോ;

(ബി) സർവ്വീസ് നടത്തുന്ന ബസ്സുകൾ പഴക്കം ചെന്നതും സൗകര്യങ്ങൾ കുറഞ്ഞതുമായതുകൊണ്ട് പകരം പുതിയ ബസ്സുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) കണ്ണൂർ ഡിപ്പോയിൽനിന്ന് 20 അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) പുതിയ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

പ്രൈവറ്റ് ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി

66 [2718] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-സിവിൽ സ്റ്റേഷൻ-കുന്ദമംഗലം റൂട്ടിൽ പ്രൈവറ്റ് ബസ് റൂട്ട് അനുവദിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പാകും?

ഉത്തരം

(എ) ദേശസാൽകൃത റൂട്ട് ആയതുകൊണ്ട് ഈ റൂട്ടിൽ നിലവിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റുകൾ അനുവദിക്കാൻ സാധിക്കുകയില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly